Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2024/1631 (3) തീയതി : 13.09.2024

എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും

സർ,

വിഷയം:- **കൈറ്റ് - ഹൈടെക് ലാബ് പദ്ധതി - പ്രൈമറി വിഭാഗം സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് നൽകിയ വാറണ്ടി അവസാനിച്ച Acer/BenQ പ്രൊജക്ടറുകളുടെ ലാമ്പ്, HDMI Cable, Acer/HP ലാപ്ടോപ്പുകളുടെ ബാറ്ററി എന്നിവയ്ക്കുണ്ടാകുന്ന കേടുപാട് പരിഹരിക്കുന്നത് സംബന്ധിച്ച്**

സൂചന:-
1. സ.ഉ(സാധാ)നം.2177/2019 പൊ.വി.വ തീയതി 06.06.2019
2. ടെണ്ടർ നം.KITE/1050-1/2024-25 dated 06.07.2024
3. ടെണ്ടർ നം.KITE/1051-1/2024-25 dated 06.07.2024
4. സർക്കാർ നിയോഗിച്ച ഐടി സാങ്കേതിക സമിതിയുടെ 02.08.2024 യോഗത്തിന്റെ മിനിറ്റ്സ്.
5. കൈറ്റിന്റെ 30.08.2024 ലെ KITE/2024/1631(2) നമ്പർ സർക്കുലർ

ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി-അപ്പർ പ്രൈമറി വിഭാഗം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ വിന്യസിച്ച ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്കും അഞ്ച് വർഷത്തെ വാറണ്ടി കാലയളവിന് ശേഷം 2024 സെപ്റ്റംബർ 1 മുതൽ AMC ഏർപ്പെടുത്തിയിട്ടുണ്ട്.

ഹൈടെക് സ്കൂൾ പദ്ധതിയിൽ AMC യിൽ ഉൾപ്പെടുത്താത്ത components ആയ ലാപ്ടോപ്പ് ബാറ്ററി, പ്രൊജക്ടറിന്റെ ലാമ്പ്, HDMI കേബിൾ എന്നിവ ടെണ്ടർ മുഖേന ലഭിക്കുന്ന വിലയ്ക്ക് സ്കൂളുകൾക്ക് ടെണ്ടർ ലഭിച്ച ഏജൻസിയിൽ നിന്നും നേരിട്ട് വാങ്ങാൻ അവസരം നൽകണമെന്നും അപ്രകാരം മാറ്റിവെക്കുന്ന ലാപ്ടോപ്പുകളും പ്രൊജക്ടറുകളും കൂടി AMC യുടെ ഭാഗമാക്കണമെന്നും സൂചന 4 യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ ഹൈടെക് ലാബ് പദ്ധതിയിൽ ഉൾപ്പെട്ട പ്രൈമറി വിഭാഗം സ്കൂളുകൾക്ക് ടെണ്ടർ ലഭിച്ച ഏജൻസികളായ M/s. Excel Systems (പ്രൊജക്ടർ), M/s. Misuvi Sales Co. (ലാപ്ടോപ്പ്) എന്നീ സ്ഥാപനങ്ങളിൽ നിന്നും താഴെപ്പറയുന്ന components ടെണ്ടർ പ്രകാരം ലഭിച്ച നിരക്കിൽ വാങ്ങാവുന്നതാണ്. ടി components ന് ഒരു വർഷത്തെ വാറണ്ടി ഉണ്ടായിരിക്കും. വാറണ്ടി കാലയളവിൽ components ന് പ്രവർത്തന തകരാർ സംഭവിച്ചാൽ അതത് സ്ഥാപനങ്ങളെ സമീപിക്കേണ്ടതാണ്.

| Sl.No | Item | Rate (₹) | Company Name |
|---|---|---|---|
| 1 | ലാപ്ടോപ്പ് ബാറ്ററി | 3297/- (2794 + GST) | **M/s.Misuvi Sales Co.**<br>Misuvi building, TC 28/2338<br>Opposite ICAI, Pound Road, Thycaud<br>Trivandrum - 695014<br>Mob: 8129170700<br>e-mail: sales@misuvi.com<br>surie@misuvi.com |
| 2 | പ്രൊജക്ടർ ലാമ്പ് | 3575/- (3030 + GST) | **M/s. Excel Systems**<br>3rd floor, Orient Square Kadavanthara Jn.<br>S.A Road, Cochin 682020<br>Land PH: 0484-2206001<br>Mob: 9895995935<br>e-mail: sales@excelsystems.org<br>lalxavier@excelsystems.org |
| 3 | HDMI Cable (2.5 m) | 289/- (245 + GST) | |

ഇക്കാര്യത്തിൽ സ്കൂളുകൾക്ക് ആവശ്യമായ സാങ്കേതിക സഹായം കൈറ്റിന്റെ ജില്ലാ ഓഫീസുകൾ നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേക്ക്)
ഹൈടെക് ലാബ് പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും
സ്റ്റോക്ക് ഫയൽ